"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- കണ്ണൂർ ജില്ലയിലെ ചപ്പാരപടവ് ഹയർസെക്കണ്ടറി സ്കൂളിലെ എൽ.ജി.ഹിന്ദി അദ്ധ്യാപകൻ ശ്രീ ദിലീപ് കുമാർ കെ.പി. യ്ക്ക് കലാ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നതിനുള്ള അനുമതി- കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.5338/2022/GEDN തീയതി,തിരുവനന്തപുരം, 12-09-2022

---

പരാമർശം:- 1. ശ്രീ ദിലീപ് കുമാർ കെ.പി. സമർപ്പിച്ച അപേക്ഷ.

2. 27/1/2020 ലെ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ബി3/659/2020 നമ്പർ കത്ത്.

3. 26/05/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ DGE/7800/2022-EM4 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചപ്പാരപടവ് ഹയർസെക്കണ്ടറി സ്കൂളിലെ എൽ.ജി.ഹിന്ദി അദ്ധ്യാപകനായ ശ്രീ ദിലീപ് കുമാർ കെ.പി. കലാ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 2 പ്രകാരം കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ശിപാർശ ചെയ്ത് നല്കിയിട്ടുണ്ട്.

ചപ്പാരപ്പടവ് ഹയർ സെക്കന്ററി സ്കൂളിലെ എൽജി ഹിന്ദി അദ്ധ്യാപകനായ ശ്രീ.ദിലീപ് കുമാർ കെ.പി ഔദ്യോഗിക ക്ൃത്യനിർവഹണത്തിന് യാതൊരു തടസവും ഉണ്ടാകാത്ത വിധത്തിലും പ്രതിഫലം പറ്റാതെയും കലാരംഗത്ത് പ്രവർത്തിക്കുവാനും അഭിനയിക്കുന്നതിനും അനുവാദം നല്കുന്നതിന് തടസമൊന്നുമില്ല എന്നും പരാമർശം 3 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരളസർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48 ലെ നിബന്ധനകൾക്ക് വിധേയമായി ഔദ്യോഗിക ക്ൃത്യനിർവഹണത്തിന് യാതൊരു തടസവും ഉണ്ടാകാത്ത വിധത്തിലും പ്രതിഫലം പറ്റാതെയും സർക്കാരിന് വിരുദ്ധമായി പ്രവർത്തിക്കരുതെന്നുമുള്ള വ്യവസ്ഥയിൽ കലാരംഗത്ത് പ്രവർത്തിക്കുവാനും അഭിനയിക്കുന്നതിനും അനുവാദം നൽകുവാൻ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA.S.GEORGE

അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, കണ്ണൂർ.

ശ്രീ. ദിലീപ് കുമാർ.കെ.പി, എൽ.ജി.ഹിന്ദി ടീച്ചർ, ചപ്പാരപ്പടവ് ഹയർ സെക്കണ്ടറി സ്കൂൾ, ചപ്പാരപ്പടവ്, കണ്ണൂർ

പ്രധാനാദ്ധ്യാപിക, ചപ്പാരപ്പടവ് ഹയർ സെക്കണ്ടറി സ്കൂൾ, ചപ്പാരപ്പടവ്, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 12-09-2022 12:49:07**

സെക്ഷൻ ഓഫീസർ